പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 6907

02.11.2011 - ൽ മറുപടി നൽകേണ്ടിയിരുന്നത്

## വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. ഇ. ചന്ദ്രശേഖരൻ | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ബഹു. റവന്യൂ വകുപ്പു മന്ത്രി) |
| (എ) | വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയിൻ കീഴിൽ പണി പൂർത്തിയായ പദ്ധതികൾക്ക് ഇനി എത്ര രൂപ കൊടുത്തു തീർക്കാനുണ്ട് എന്ന് ജില്ല തിരിച്ച് കണക്ക് വ്യക്തമാക്കാമോ; | (എ) | ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു. (പട്ടിക താഴെ) |
| (ബി) | ഇത് എപ്പോൾ കൊടുത്തു തീർക്കുമെന്നറിയിക്കുമോ? | (ബി) | സംസ്ഥാന പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിൽ (എസ്.ഡി.ആർ.എഫ്) നിന്നും ആവശ്യമായ തുക ജില്ലാ കളക്ടർമാർ ആവശ്യപ്പെടുന്നതിനനുസരിച്ച് വിവിധ ശീർഷകങ്ങളിലായി അനുവദിച്ച് നൽകുകയാണ് ചെയ്യുന്നത്. പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിലേയ്ക്കുള്ള വിഹിതം എല്ലാ ജില്ലാ കളക്ടർമാരുടെയും ആവശ്യം രേഖാമൂലം വാങ്ങി ആവശ്യമെങ്കിൽ അവരുമായി അഡീഷണൽ ചീഫ് സെക്രട്ടറി നേരിട്ട് ചർച്ച നടത്തി (വീഡിയോ കോൺഫറൻസിംഗ് വഴി) ജില്ലാ കളക്ടർമാർക്ക് ഒരുമിച്ച് അനുവദിക്കുകയാണ് പതിവ്. സാമ്പത്തിക അച്ചടക്കം (financial propriety) പാലിക്കാൻ ഈ സംവിധാനം ഉപകരിക്കും. പ്രധാനമായും ഫെബ്രുവരി, ജൂൺ, നവംബർ മാസങ്ങളിലാണ് ഒരുമിച്ച് ജില്ലാ കളക്ടർമാർക്ക് തുക അനുവദിക്കുന്നത്. ഇപ്രകാരം തുക ജില്ലാ കളക്ടർമാർക്ക് അനുവദിച്ച് നൽകിയാലുടൻ തന്നെ ഈ തുക കൊടുത്തു തീർക്കാവുന്നതാണ്. |

| | |
|---|---|
| തിരുവനന്തപുരം | 4,98,42,786/- |
| കൊല്ലം | 2,95,00,000/- |
| പത്തനംതിട്ട | 2,00,00,000/- |
| ആലപ്പുഴ | 1,42,16,000/- |
| കോട്ടയം | 2,25,00,000/- |
| ഇടുക്കി | 30,00,000/- |
| എറണാകുളം | 2,11,00,000/- |
| തൃശ്ശൂർ | 4,18,52,000/- |
| പാലക്കാട് | 2,50,00,000/- |
| മലപ്പുറം | 2,00,00,000/- |
| കോഴിക്കോട് | 71,00,000/- |
| വയനാട് | 25,00,000/- |
| കണ്ണൂർ | 2,36,24,959/- |
| കാസർഗോഡ് | 81,50,000/- |

സെക്ഷൻ ഓഫീസർ